## സാമ്പത്തിക സുരക്ഷിതത്വത്തിനായി ഇടുക്കിയിലെ ഒപ്പം

സ്ത്രീ ശാക്തീകരണത്തിൽ സാമ്പത്തിക ശാക്തീകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന സംഘടനയാണ് കുടുംബശ്രീ. കുടുംബശ്രീയുടെ പ്രാഥമിക തലമായ അയൽക്കൂട്ടങ്ങളിലെ പ്രധാന പ്രവർത്തനം സമ്പാദ്യ ശീലം വളർത്തുന്നതിനുള്ള മൂലധന സ്വരൂപിക്കലാണ്. ഒപ്പം വായ്പയും അയൽക്കൂട്ടങ്ങൾ നൽകുന്നു. ഇത് കൂടാതെ ബാങ്കുകളുടെ സേവനം ഓരോ കുടുംബശ്രീ വനിതയ്ക്കും ലഭ്യമാക്കുകയെന്നതും കുടുംബശ്രീയുടെ അടിസ്ഥാന പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. കുടുംബശ്രീയുടെ ഇതുവരെയുള്ള സമ്പാദ്യം 3679 കോടി രൂപയാണ്. ആന്തരിക വായ്പയായി 14813 കോടി രൂപ ക്രയവിക്രയം ചെയ്തു കഴിഞ്ഞു. ബാങ്ക് വായ്പ ഇനത്തിൽ 6454 കോടി രൂപ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കിയിട്ടുമുണ്ട്. 2.77 ലക്ഷം അയൽക്കൂട്ടങ്ങളാണ് ഇന്ന് ആകെയുള്ളത്.

കുടുംബശ്രീയുടെ സാമ്പത്തിക രംഗത്തെ പ്രവർത്തനം ഇങ്ങനെ പോകുമ്പോൾ അയൽക്കൂട്ട വനിതകൾക്കിടയിൽ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പിക്കുന്നതിനായി നിരവധി പദ്ധതികളും നടപ്പാക്കി വരുന്നു. ഇടുക്കി ജില്ലാ മിഷന്റെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നായ സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതിയായ ഒപ്പം ഇത്തരത്തിലൊന്നാണ്.

### ആശയം വന്ന വഴി

ഇടുക്കി ജില്ലയിൽ കുടുംബശ്രീ അംഗങ്ങളായ ഒന്നേകാൽ ലക്ഷത്തോളം വനിതകളുണ്ട്. അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകൾ പലപ്പോഴും ലോൺ കിട്ടുന്നത്ര യും തുക എടുക്കുകയും അത് പലവഴി ചെലവഴിക്കുന്നതും ലഭ്യമായിടങ്ങളിൽ നിന്നെല്ലാം മറ്റ് ലോണുകൾ എടുക്കുന്നതുമായ പതിവ് പിന്തുടർന്ന് പോരുന്നത് ശ്രദ്ധയിൽപ്പെട്ടതാണ് ഇങ്ങനെയൊരു ആശയത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. ജോയ്സ് ജോർജ് എംപിയാണ് പദ്ധതി നടത്തിപ്പിനായി മുൻകൈയെടുത്ത് പ്രവർത്തിച്ചത്. എംപിയും ഇടുക്കി ജില്ലാ സഹകരണ ബാങ്കും കുടുംബശ്രീ ജില്ലാ മിഷനും സംയുക്തമായാണ്

ഈ പരിപാടി ആവിഷ്ക്കരിച്ചതും നടപ്പാക്കിയതും. 2017 നവംബർ 26ന് പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

**തുടക്കം**

പാർലമെന്റ് അംഗങ്ങളായം എംപിമാർ സ്വന്തം നിയോജക മണ്ഡലത്തിലെ ഒരു ഗ്രാമം ദത്തെടുത്ത് അവിടെ സർവ്വ വിധത്തിലുമുള്ള വികസന പ്രവർത്തനങ്ങൾ നടത്തി അതൊരു മാതൃക ഗ്രാമമാക്കി മാറ്റുന്ന കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സൻസദ് ആദർശ് ഗ്രാമ യോജന പ്രകാരം ഒപ്പം നടപ്പാക്കാൻ തീരുമാനിക്കു കയായിരുന്നു. ഇതിന് വേണ്ടി ഇടുക്കി ജില്ലാ സഹകരണ ബാങ്കും കുടുംബശ്രീ മിഷനും സംയുക്ത മായി പ്രവർത്തിക്കാൻ തീരുമാനിച്ചു. ആദ്യ ഘട്ടത്തിൽ കഞ്ഞിക്കുഴി, വെള്ളിയാമറ്റം, വാഴത്തോപ്പ് എന്നീ പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കാനും തീരുമാനം കൈക്കൊണ്ടു.

**പ്രവർത്തനം**

അയൽക്കൂട്ടത്തിൽ അംഗങ്ങളായ വനിതകളുടെ പേരിലുള്ള ജില്ലാ ബാങ്കിലെ അക്കൗണ്ടിലേക്ക് പതിനായിരം രൂപ നിക്ഷേപിക്കും. ആവശ്യമുള്ളപ്പോൾ ഈ പണം പിൻവലിക്കുന്നതിനായി എടിഎം കാർഡുകളും (കിസാൻ ക്രെഡിറ്റ് റുപേ കാർഡ്) അവർക്ക് നൽകുന്നു. ബാങ്ക് നിക്ഷേപിച്ച ഈ 10000 രൂപയിൽ നിന്ന് ആവശ്യം അനുസരിച്ച് കാർഡ് ഉപയോഗിച്ച് പണം പിൻവലിക്കാൻ കഴിയും. ഇങ്ങനെ പിൻവലിക്കുന്ന തുകയ്ക്ക് 4 ശതമാനമാണ് ബാങ്ക് ഈടാക്കുന്ന പലിശ. ഈ തുക തിരിച്ചടയ്ക്കാനുള്ള കാലാവധി ആറ് മാസമാണ്.

അംഗങ്ങൾക്ക് ഈ തുക കൂടാതെ തങ്ങളുടെ സമ്പാദ്യവും ഈ അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയും. ഇങ്ങനെ നിക്ഷേപിക്കുന്ന തുകയ്ക്ക് ഏഴ് ശതമാനം പലിശ നൽകും. അഞ്ച് വർഷ കാലാവധിയിലാണ് ഈ ഓവർ ഡ്രാഫ്റ്റ് തുക അനുവദി ക്കുന്നത്. ഓവർഡ്രാഫ്റ്റ് അക്കൗണ്ടിൽ കൃത്യമായി തിരിച്ചടവ് നടത്തുന്നവർ ക്ക് രണ്ടാം വർഷം ഓവർഡ്രാഫ്റ്റ് പരിധി 1000 രൂപയിൽ നിന്ന് 15000 രൂപയാക്കി ഉയർത്തും.

പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ സിഡിഎസുകളുടെ മേൽനോട്ടത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ വായ്പാ

കുടിശ്ശിക വരുത്താത്ത അയൽക്കൂട്ട അംഗങ്ങളെ കണ്ടെത്തുന്നതായിരുന്നു ആദ്യ കട മ്പ. പദ്ധതി നടപ്പാക്കാൻ നിശ്ചയി സിഡിഎസുകൾക്ക് കീഴിലുള്ള അയൽക്കൂട്ടങ്ങളി ലെല്ലാം എഡിഎസ് മുഖേന ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകി. അയൽക്കൂ ട്ടങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ എഡിഎസ്, സിഡിഎസിന് പട്ടിക സമർപ്പിച്ചു. ഇങ്ങനെ ഓരോ സിഡിഎസിൽ നിന്നും ആർക്കൊക്കെ കാർഡ് നൽകാമെന്ന ശുപാർശ കത്ത് ജില്ലാ ബാങ്കിലേക്ക് നൽകി. ഇതനുസരിച്ചാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയത്.

ആദ്യഘട്ടത്തിൽ മൂന്ന് പഞ്ചായത്തുകളിലെ മൂന്ന് വീതം അയൽക്കൂട്ടങ്ങളിൽ നിന്നുള്ള 33 പേരെയാണ് എടിഎം കാർഡുകളുൾപ്പെടെ നൽകി പദ്ധതിയിൽ പങ്കാളികളാക്കിയത്. അതിന് മുന്നോടിയായി ഇവർക്ക് പരിശീലന സംഘം ബാങ്കിങ് ഇടപാടുകളിൽ പ്രത്യേക പരിശീലനവും നൽകി. പരിശീലക സംഘം പ്രത്യേകമായി തയാറാക്കിയ പരിശീല മൊഡ്യൂൾ അനുസരിച്ചായിരുന്നു പരിശീലനം. എടിഎം വഴി പണമെ ടുക്കുന്നത് അടക്കമുള്ള ബാങ്കിങ് പ്രവർത്തനങ്ങളിലാണ് പരിശീലനം നൽകിയത്. ഉദ്ഘാടനത്തോട് അനുബന്ധിച്ച് നവംബറിൽ 33 പേർക്കാണ് കാർഡ് കൈമാറിയത്.

## നിലവിലെ പ്രവർത്തനം

കാർഡുകൾ നൽകിയെങ്കിലും പണം പിൻവലിക്കുന്നതിനായി ഓരോ സിഡിഎസിലും മൈക്രോ എടിഎം മെഷീനുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കഞ്ഞിക്കുഴി, വെള്ളിയാമറ്റം, വാഴത്തോപ്പ് എന്നീ മൂന്ന് പഞ്ചായത്തുകളിലായി 3500 അംഗങ്ങൾക്ക് കൂടി കാർഡ് നൽകും. ഇതുവരെ 2000 പേർക്ക് പരിശീലനം നൽകി കാർഡുകൾ കൈമാറി കഴിഞ്ഞു.

**ഭാവി**

ഇടുക്കി ജില്ലയിലെ എല്ലാ സിഡിഎസുകളിലേക്കും പദ്ധതി വ്യാപിപ്പിക്കും. മുഴുവൻ ഗുണഭോക്താക്കൾക്കും സാമ്പത്തിക സാക്ഷരതാ പരിശീലനം നൽകിയ ശേഷമാകും പദ്ധതിയിൽ അംഗങ്ങളാക്കുന്നത്.